"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിലെ മൈലം വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1164/2026/RD തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.08.2025, 04.06.2026 തീയതിതികളിലെ എൽ.ആർ/4848/2025-എൽആർ(ജി7) നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജാഫീസ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് ആയി മാറ്റുന്നതിന്റെ ഭാഗമായി മൈലം വില്ലേജിൽ, പള്ളിക്കൽ കിഴക്ക് ആറുവിളയിൽ, ശ്രീ.ജഗന്നാഥൻ നായർ എന്ന കക്ഷിയുടെ ഉടമസ്ഥതയിൽ മൈലം ഗ്രാമപഞ്ചായത്തിലെ IX/389-ാം നമ്പർ കെട്ടിടത്തിലാണ് 07.05.2021 മുതൽ 09.11.2022 വരെ പ്രവർത്തിച്ചിരുന്നത്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം അനുവദനീയമായ കാർപ്പെറ്റ് ഏരിയ 38.46 ച.മീറ്ററാണ്. കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 72.38 ച.മീറ്ററിന് ആനുപാതികമായി 07.05.2021 മുതൽ 19.10.2021 വരെ DPAR 2012 പ്രകാരം 4,859/- രൂപയും 20.10.2021 മുതൽ 09.11.2022 വരെ DPAR 2019 പ്രകാരം 6,462/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദമായ സ്ഥലത്താണ് ടി വാടക കെട്ടിടം സ്ഥിതി ചെയ്തിരുന്നത് എന്നും 6 ജീവനക്കാരാണ് ടി ഓഫീസിൽ ജോലി ചെയ്തിരുന്നത് എന്നും ദിനംപ്രതി വിവിധ ആവശ്യങ്ങൾക്കായി നൂറിലധികം പൊതുജനങ്ങൾ എത്തിച്ചേർന്നിരുന്ന ടി ഓഫീസ് 5 മുറികളിലായാണ് പ്രവർത്തിച്ചു വന്നിരുന്നത് എന്നും ധാരാളം പൊതുജനങ്ങൾ വരുന്ന ഓഫീസായതിനാലും ഭൂമി സംബന്ധമായ നിരവധി റെക്കോർഡുകൾ സൂക്ഷിക്കേണ്ടതിനാലും ജീവനക്കാർക്കുള്ള ഇരിപ്പിടം, കുടിവെള്ളം വയ്ക്കാനുള്ള സ്ഥലം, ബാത്റൂം എന്നിവ ഉൾപ്പെടെ ടി ഏരിയ വില്ലേജ് ഓഫീസിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായിരുന്നതായും ടി ആഫീസ് പ്രവർത്തനത്തിനുള്ള വളരെ അത്യാവശ്യകാര്യങ്ങൾ മാത്രം ഉൾകൊള്ളിച്ചാൽ പോലും ടി അഡ്മിസിബിൾ കാർപ്പെറ്റ് ഏരിയയ്ക്കുള്ളിൽ വില്ലേജാഫീസ് പ്രവർത്തനം പരിമിതപ്പെടുത്താൻ സാധിക്കാത്തതിനാലാണ് 72.38 ച.മീറ്റർ വിസ്തീർണ്ണം വാടകയ്ക്ക് എടുത്തിട്ടുള്ളതെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട്

ചെയ്തിട്ടുള്ളതായും ആയതിനാൽ ടി കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 72.38 ച.മീറ്ററിന് 07.05.2021 മുതൽ 09.11.2022 വരെ വാടക നിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജാഫീസ് 07.05.2021 മുതൽ 09.11.2022 വരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 72.38 ച.മീറ്ററിന് ആനുപാതികമായി 07.05.2021 മുതൽ 19.10.2021 വരെ പ്രതിമാസം 4,859/- രൂപയും (നാലായിരത്തി എണ്ണൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) 20.10.2021 മുതൽ 09.11.2022 വരെ പ്രതിമാസം 6,462/- രൂപയും (ആറായിരത്തി നാനൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (REV-F2/264/2025-REV)

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 29-06-2026 10:53:12